പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3747 11.12.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തിക

ചോദ്യം

ശ്രീ.ഐ.സി.ബാലകൃഷ്ണൻ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ 5 വർഷത്തെ പ്രവർത്തി പരിചയം ഉള്ളവരിൽ നിന്നും കാറ്റഗറി നമ്പർ 398/13 പി. എസ്.സി . വിജ്ഞാപന പ്രകാരമുള്ള അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനം നടത്തുകയുണ്ടായി; | (എ) | കെ.എസ്.ആർ.ടി.സി.യിൽ പുനരുദ്ധാരണ നടപടികൾ പുരോഗമിക്കുന്നതിനാൽ പുതിയ നിയമനങ്ങൾ തൽക്കാലം നടത്തേണ്ടതില്ലായെന്നും ഓരോ തസ്തികയിലും ആവശ്യകത എത്രയെന്ന് പഠിച്ചു വരുന്നതിനാലും കോർപ്പറേഷൻ ആവശ്യപ്പെടുന്ന മുറയ്ക്ക് മാത്രമേ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള എല്ലാ ഒഴിവുകളും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ പാടുള്ളൂ എന്ന് പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.റ്റി.സി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള കാറ്റഗറി നമ്പർ 398/13 ലെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ ഒന്നും തന്നെ നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിനാൽ ടി റാങ്ക് ലിസ്റ്റിൽ നിന്നും യാതൊരു നിയമനവും നാളിതുവരെ നടത്തിയിട്ടില്ല. |
| (ബി) | ഈ തസ്തികയിൽ എത്ര വേക്കൻസി നിലവിൽ ഉണ്ട്; | (ബി) | നിലവിൽ ഒഴിവുകൾ ഇല്ല. |
| (സി) | ലിസ്റ്റിന്റെ കാലാവധി തീരുന്നതിനു മുമ്പ് ലിസ്റ്റിലുള്ള എത്ര പേർക്ക് നിയമനം നൽകാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (സി) യും | വരുംകാല നിയമനത്തെ സംബന്ധിച്ച് ഇപ്പോൾ പ്രതിപാദിക്കുവാൻ കഴിയുകയില്ല. |
| (ഡി) | ലിസ്റ്റിലുള്ള മുഴുവൻ പേർക്കും നിയമനം നടത്താൻ ശ്രമിക്കുമോ; വ്യക്തമാക്കാമോ? | (ഡി) യും | |

സെക്ഷൻ ഓഫീസർ